ദേശാഭിമാനി

18 January 2017

# സമുദ്രസമ്പത്ത് സംരക്ഷിക്കാൻ സുസ്ഥിര പരിപാലനം വേണം: മന്ത്രി തോമസ് ഐസക്

● സ്വന്തം ലേഖകൻ

**കൊച്ചി >** സമുദ്രസമ്പത്ത് ഗണ്യമായി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സുസ്ഥിര പരിപാലനരീതികൾ ആവിഷ്കരിച്ചു നടപ്പാക്കണമെന്ന് ധനമന്ത്രി ഡോ. തോമസ് ഐസക് പറഞ്ഞു. എന്നാൽ പരിഷ്കരണങ്ങൾ പ്രായോഗികമാകണമെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര സമുദ്രഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) വിവിധ വകുപ്പുമേധാവികളുമായുള്ള കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മത്സ്യമേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും ഉന്നമനം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന സമഗ്ര ജലപരിഷ്കരണനിയമം (അക്വേറിയൻ റിഫോംസ്) രൂപപ്പെടുത്തുന്നതിന് ശാസ്ത്ര സമൂഹത്തിന്റെ സഹകരണം വേണമെന്നും അദ്ദേഹം അഭ്യർഥിച്ചു. സാങ്കേതികവിദ്യകൾ, മത്സ്യബന്ധനരീതികൾ, മത്സ്യബന്ധന ഉപകരണങ്ങൾ, മത്സ്യത്തൊഴിലാളികളുടെ കടലവകാശം തുടങ്ങി വിവിധ മേഖലകളുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐ കർമപദ്ധതികൾ സമർപ്പിച്ചാൽ നിയമനിർമാണത്തിന് ഗുണകരമാകും. സമഗ്ര ജലപരിഷ്കരണ നിയമം സംസ്ഥാന സർക്കാരിന്റെ മുൻഗണനാ പട്ടികയിലുള്ളതാണ്.

ദേശീയ സമുദ്രകൃഷിനയം രൂപപ്പെടുത്തുന്നതിന് സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ നടന്നുവരുന്ന ശ്രമങ്ങൾക്ക് ഡോ തോമസ് ഐസക് പൂർണപിന്തുണ നൽകി. അഷ്ടമുടിക്കായലിലെ കക്കവർഗങ്ങൾക്ക് രാജ്യാന്തര ഏജൻസിയായ മറൈൻ സ്റ്റീവാർഡ്ഷിപ് കൗൺസിലിന്റെ (എംഎസ്സി) അംഗീകാരപത്രം ലഭ്യമാക്കിയതുപോലെ വേമ്പനാട്ടുകായലിലെ കക്കയുടെ സുസ്ഥിര പരിപാലനത്തിലും ഗുണമേന്മയുള്ള ഉൽപ്പാദനത്തിനും സിഎംഎഫ്ആർഐ മുൻകൈയെടുക്കണം.

സിഎംഎഫ്ആർഐയുടെ വിവിധ ഗവേഷണപ്രവർത്തനങ്ങൾ ഡയറക്ടർ ഡോ. ഗോപാലകൃഷ്ണൻ വിശദീകരിച്ചു. മന്ത്രിയുമായി നടന്ന കൂടിക്കാഴ്ചയിൽ വിവിധ ഡിവിഷൻ മേധാവികളായ ഡോ. ആർ നാരായണകുമാർ, ഡോ. പി വിജയഗോപാൽ, ഡോ. ടി വി സത്യാനന്ദൻ, ഡോ. കെ കെ ജോഷി, ഡോ. പി യു സക്കറിയ, ഡോ. വി കൃപ, ഡോ. ഇമൽഡ ജോസഫ്, ഡോ. ബോബി ഇഗ്നേഷ്യസ് എന്നിവർ പങ്കെടുത്തു.